നമ്പർ ഇ6/4579/14

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി :-13-02-2014.

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം- അംഗവൈകല്യം സംഭവിച്ച സർക്കാർ ജീവനക്കാർക്ക് മിനിമം പെൻഷൻ നൽകൽ - പൊതുനയം രൂപീകരിക്കുന്നതിന് - വിശദാംശം ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന:-
1. സ.ക.നം. 591/ഡി1/2013/സാ.നീ.വ. തീയതി 11.06.2013.
2. സ.ക.നം. 15722/ഡി2/2013/സാ.നീ.വ. തീയതി 16.12.2014.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് മിനിമം പെൻഷൻ ലഭിയ്ക്കുന്നതിനുള്ള സർവ്വീസ് കാലയളവ് ഇല്ലാത്തപക്ഷം അത് ലഭിയ്ക്കുന്നതിന് അനുകൂലമായ ഒരു പൊതുനയം രൂപീകരിയ്ക്കുന്നതിന് വകുപ്പിന് കീഴിലുള്ള അംഗപരിമിതരായ ജീവനക്കാരുടെ സർവ്വീസിൽ പ്രവേശിച്ച തീയതി, ജനനതീയതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സൂചന 2 പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ താങ്കളുടെ ജില്ലയിലെ വകുപ്പിന് കീഴിലുള്ള അംഗപരിമിതരായ ജീവനക്കാരുടെ വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ ശേഖരിച്ച് അടിയന്തിരമായി ഈ കാര്യാലയത്തിലേയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം:- പ്രൊഫോർമ

JBS/14

| ക്രമ. നം. | ജീവനക്കാരന്റെ പേര്, ഓഫീസ് അഡ്രസ്സ് | ഉദ്യോഗപ്പേര് | ആൺ/ പെൺ | ജനനതീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | റിട്ടയർമെന്റ് തീയതി | ഏത് തരത്തിലുള്ള വൈകല്യം (DEAF & DUMP, BLIND, O.H) | വൈകല്യത്തിന്റെ തോത് | നിയമന രീതി | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |